**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **104** **28.10.2019-** ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ ബാധിതർക്ക നൽകിയ ആനുകൂല്യങ്ങൾ

ചോദ്യം | മറുപടി

ശ്രീ.എൻ.എ.നെല്ലിക്കുന്ന് | പിണറായി വിജയൻ (മുഖ്യമന്ത്രി.)

| | | | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ബാധിതർക്ക് മുൻ സർക്കാരും, നിലവിലെ സർക്കാരും നൽകിയ ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | പൂർണ്ണമായും കിടപ്പിലായ രോഗികൾ, മാനസിക വൈകല്യം നേരിടുന്നവർ എന്നീ വിഭാഗത്തിൽപ്പെടുന്നവർക്ക് അഞ്ച് ലക്ഷം രൂപ വീതം ധനസഹായം കൂടാതെ സൗജന്യ ചികിത്സയും, പ്രതിമാസ പെൻഷനും നൽകിവരുന്നുണ്ട്. ക്യാൻസർ, ശാരീരിക വൈകല്യം നേരിടുന്നവർ എന്നീ വിഭാഗത്തിൽ-പ്പെടുന്നവർക്ക് മൂന്ന് ലക്ഷം രൂപ ധനസഹായവും കൂടാതെ സൗജന്യ ചികിത്സയും, പ്രതിമാസ പെൻഷനും നൽകിവരുന്നുണ്ട്. മറ്റ് വിഭാഗത്തിൽ-പ്പെടുന്നവർക്ക് സൗജന്യ ചികിത്സയും, പ്രതിമാസ പെൻഷനും നൽകിവരുന്നുണ്ട്. കൂടാതെ എൻഡോസൾഫാൻ ദുരിതബാധിതരുടെ റേഷൻ കാർഡ് ജില്ലാ സപ്ലൈ ഓഫീസറുടെ അന്വേഷണ-ത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നുണ്ട്. എൻഡോസൾഫാൻ ദുരിത ബാധിതരുടെ വൈദ്യുത ബില്ലിൽ 50% ഇളവ് എന്നിവയാണ് മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് നൽകിവരുന്ന ആനുകൂല്യങ്ങൾ. എൻഡോസൾഫാൻ ദുരിതബാധിതരുടെ കടങ്ങൾ |

| | | | |
|---|---|---|---|
| | | | എഴുതിതള്ളുന്നതിനായി 50,000/- രൂപ വരെയുള്ള കടങ്ങൾക്കായി 2,17,38,655/- രൂപയും 50,000/- മുതൽ 3,00,000/- (3 ലക്ഷം) വരെയുള്ള കടങ്ങൾക്കായി 4,39,42,000/- രൂപയും നിലവിലുള്ള സർക്കാർ അനുവദിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ബാധിതർക്ക് മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് നൽകിവരുന്ന മറ്റ് ആനുകൂല്യങ്ങൾ അനുബന്ധം (I) ആയി ചേർക്കുന്നു. |
| (ബി) | എൻഡോസൾഫാൻ ബാധിതർക്ക് നൽകേണ്ട ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട് സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) & (സി) | ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം (II) ആയി ചേർക്കുന്നു. ബഹു.സുപ്രീം കോടതി 03.07.2019-ൽ സിവിൽ കോടതിയലക്ഷ്യ ഹർജി 1920/2017 നമ്പരായി നൽകിയ വിധി പ്രകാരം 4 പേർക്ക് അഞ്ച് ലക്ഷം രൂപ വീതം നൽകാൻ വിധിന്യായം വന്നതിന്റെ അടിസ്ഥാനത്തിൽ നാല് പേരുടെയും ബാങ്ക് അക്കൗണ്ടിലേക്ക് പ്രസ്തുത തുക 28/09/2019-ന് കൈമാറിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ഉത്തരവിൻ പ്രകാരം നിലവിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും, ബാക്കി നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണമെന്തെന്നും വിശദമാക്കാമോ; | | |
| (ഡി) | എൻഡോസൾഫാൻ ബാധിതർക്ക് പ്രതിമാസം നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്നും ആയത് മുടങ്ങാതെ നൽകുന്നുണ്ടോയെന്നും വ്യക്തമാക്കാമോ? | (ഡി) | എൻഡോസൾഫാൻ ദുരിത ബാധിതർക്ക് സൗജന്യ ചികിത്സയും, പ്രതിമാസ പെൻഷനും മുടങ്ങാതെ നൽകിവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം I**

**എൻഡോ സൾഫാൻ ബാധിതർക്ക് മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് നൽകിവരുന്ന മറ്റ് ആനുകൂല്യങ്ങൾ.**

1. **സ്നേഹസാന്ത്വനം പദ്ധതി:**

ആരോഗ്യ വകുപ്പ് നടത്തിയ സർവ്വേയുടേയും മെഡിക്കൽ ക്യാമ്പിന്റെയും അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലാ കളക്ടർ അംഗീകരിച്ച് നൽകിയ ദുരിതബാധിതരുടെ ലിസ്റ്റ് പ്രകാരം ദീർഘകാല ചികിത്സ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിനുള്ളിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1700/- രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2200/- രൂപയും എൻഡോസൾഫാൻ ദുരിത ബാധിതരായ മറ്റുള്ളവർക്ക് 1200/- രൂപ വീതവും പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്.

ടി പദ്ധതിയ്ക്കായി വിവിധ സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വർഷം | ചെലവഴിച്ച തുക |
|---|---|---|
| 1 | 2010-11 | 1,83,40,140/- |
| 2. | 2011-12 | 9,70,46,098/- |
| 3. | 2012-13 | 7,51,59,555/- |
| 3. | 2013-14 | 8,00,32,115/- |
| 4. | 2014-15 | 9,22,10,920/- |
| 5. | 2015-16 | 9,43,07,975/- |
| 6. | 2016-17 | 9,76,18,990/- |
| 7. | 2017-18 | 9,67,84,205/- |
| 8. | 2018-19 | 6,02,61,250/- |
| 9. | 2019-20 (15.10.2019 വരെ) | 5,24,85,275/- |
|  | ആകെ | **76,42,46,523/-** |

2. **എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി:**

എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് 2011-12 മുതൽ 2018-19 അദ്ധ്യയന വർഷത്തിലേയ്ക്കുള്ള പ്രത്യേക വിദ്യാഭ്യാസ ധനസഹായമായി ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്കും 1 മുതൽ 7-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്കും 2000/- രൂപ വീതവും 8 മുതൽ 10 വരെയുള്ള ക്ലാസ്സുവരെയുള്ളവർക്ക് 3000/- രൂപ വീതവും 11, 12

ക്ലാസ്സുകളിലുള്ളവർക്ക് 4000/- രൂപ വീതവും ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

ടി പദ്ധതിയ്ക്കായി വിവിധ സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം: | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 1 | 2011-12 | 2563 എണ്ണം | 65,50,025/- |
| 2 | 2012-13 | 2521 എണ്ണം | 66,86,450/- |
| 3 | 2013-14 | 2698 എണ്ണം | 67,59,900/- |
| 4 | 2014-15 | 2370 എണ്ണം | 68,52,300/- |
| 5 | 2015-16 | 1991 എണ്ണം | 35,92,400/- |
| 6 | 2016-17 | 1287 എണ്ണം | 17,78,000/- |
| 7 | 2017-18 | 1350 എണ്ണം | 67,80,000/- |
| 8 | 2018-19 | 1123 എണ്ണം | 29,45,000/- |
| | ആകെ | | **4,19,44,075/-** |

2019-20 സാമ്പത്തിക വർഷം വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

### 3. <u>സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി</u>

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ ഗണത്തിൽ പൂർണ്ണമായും കിടപ്പിലായവരോ ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ളവരോ ആയവരെ (പരസഹായം കൂടാതെ ജീവിക്കാൻ പറ്റാത്തവർ) പരിചരിക്കുന്ന ഒരാൾക്ക് സാമൂഹ്യ സുരക്ഷാ മിഷന്റെ സ്പെഷ്യൽ ആശ്വാസകിരണം പദ്ധതിയിലുൾപ്പെടുത്തി പ്രതിമാസം 700/ രൂപ നിരക്കിൽ ധനസഹായം വിതരണം ചെയ്യുന്ന പദ്ധതി. നിലവിൽ ഈ പദ്ധതി പ്രകാരം 812 പേർക്ക് ധനസഹായം നൽകി വരുന്നു.

ടി പദ്ധതിയ്ക്കായി വിവിധ സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വർഷം | ചെലവഴിച്ച തുക |
|---|---|---|
| 1 | 2013-14 | 21,45,702/- |
| 2 | 2014-15 | 77,92,712/- |
| 3 | 2015-16 | 79,42,787/- |
| 4 | 2016-17 | 80,90,515/- |
| 5 | 2017-18 | 81,38,656/- |
| 6 | 2018-19 | 44,47,730/- |
| 7 | 2019-20 (15.10.2019 വരെ) | 34,45,400/- |
| | ആകെ | **4,20,03,502/-** |

4. എൻഡോസൾഫാൻ ദുരിതബാധിതരിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കുന്നതിനായി 2012-2013 സാമ്പത്തിക വർഷം 17,87,50,000/- രൂപയും 2013-2014 സാമ്പത്തിക വർഷം 33,42,50,000/- രൂപയും കാസർഗോഡ് ജില്ലാ കളക്ടർ അനുവദിച്ചിട്ടുണ്ട്.

5. കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതർ ഉൾപ്പെടുന്ന 11 പഞ്ചായത്തുകൾക്ക് നടത്തിപ്പ്, മെയിന്റനൻസ് ചെലവുകൾ എന്നിവ ബന്ധപ്പെട്ട പഞ്ചായത്തുകൾ വഹിക്കണമെന്ന വ്യവസ്ഥയിന്മേൽ ആംബുലൻസ് ആവശ്യമാണെന്നറിയിച്ച 9 പഞ്ചായത്തുകൾക്ക് ആംബുലൻസ് വാങ്ങി നൽകുന്നതിനായി 71,73,012/- രൂപ കാസർഗോഡ് ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

6. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി നിയമിച്ചിട്ടുള്ള ജെ.എച്ച്.ഐ.മാർക്ക് ശമ്പളം അനുവദിക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും 73,53,000/ രൂപ കാസർഗോഡ് നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി പ്രവർത്തിക്കുന്ന പെരിയ മഹാത്മാ മോഡൽ ബഡ്സ് സ്കൂളും നബാർഡ് RIDF എൻഡോസൾഫാൻ പാക്കേജ് പ്രകാരം നിർമ്മാണം പൂർത്തീകരിക്കുന്ന മറ്റ് 9 ബഡ്സ് സ്കൂളുകളും സാമൂഹ്യനീതി വകുപ്പ് ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം II



# IN THE SUPREME COURT OF INDIA
## INHERENT JURISDICTION

**Contempt Petition (Civil) No 1920 of 2017**

**in**

**Writ Petition (C) No 213 of 2011**

**Remya P. and Ors.** ... **Petitioner(s)**

**Versus**

**Dr K M Abraham** ... **Respondent(s)**

**ORDER**

The contempt proceedings have been initiated for non-payment of the compensation of Rupees five lakhs in pursuance of the order of this Court dated 10 January 2017 to four affected individuals, viz., Kumari Archana, Master Afsal, Ms Nisha and Kum Vijayalakshmi.

The Chief Secretary of the Government of Kerala has filed an affidavit specifically dealing with the factual position in relation to the aforesaid four individuals. The relevant part of the affidavit is extracted below:

> "6. The status of the specific cases pointed out by the petitioner are as follows:
>
> a) Remya P (Mother of Kumari Archana): Kumari Archana is a native of Pullur Periye Grama Panchayath and is included in the Endosulfan Victims List with O.P. No.59717. She attended speciality medical camp in 2013. The expert medical panel which recategorized the list has included Kum. Archana in 'Other' category, which is not eligible for National Human Rights Commission recommended financial compensation. Kumari Archana is undergoing free treatment under the rehabilitation project at Sreechithra Institute of Medical Sciences, Thiruvananthapuram. Smt. Remya has also been paid a monthly pension of Rs.1200 and already a total amount of Rs 40,400 is paid in this regard.
>
> b) Jameela M.P. (Mother of Master Afsal): Master Afsal is a native of PullurPeriye grama Panchayath and is included in the Endosulfan Victims List with O.P. No.4542. He attended speciality medical camp in 2010. The expert medical panel which categorized the list has included Master Afsal in 'Other' category, which is not eligible for National Human

Signature Not Verified
Digitally signed by SANJAY KUMAR
Date: 2018.07.06
12:26:54 IST
Reason:

Rights Commission recommended compensation. Master Afsal has been given free treatment since 2011. He is taking growth hormone injection every month from 2011 to February 2016. The cost per injection is Rs 16000. However, it is provided free of cost to him under the scheme. Under the Endosulfan Victims free treatment scheme, the State Government has already spent Rs.8,96,000/- for Master Afsal. The State Government is also providing other medicines through Community Health Centre, Periye, Kasaragod. Master Afsal is also paid a monthly pension of Rs.1200 and till date he has been paid Rs.1,00,400 under the pension scheme. He was also paid a one time education scholarship of Rs.3000/-.

c) Smt. Sisily (Mother of Ms. Nisha): Ms Nisha is a native of Kodom Belur Grama Panchayath and is included in the Endosulfan Victims List with O.P. No.5283. She attended speciality medical camp in 2010. The expert medical panel which recategorized the list has included Ms. Nisha in 'Other' category, which is not eligible for National Human Rights Commission recommended compensation. The State Government has been giving free treatment to Kum. Nisha at Pariyaram Medical College. Medicines are disbursed every month from Community Health Centre, Panathady, Kasaragod. The Cost of medicines from 2012 to 2017 is rs.8981/-. Ms. Nisha receives Rs.1700 per month as pension to Endosulfan victims and so far she has received a total amount of rs.1,41,400 in this regard.

d) Smt. M. Badhavi (Mother of Kum. Vijayalakshmi): Kum. Vijayalakshmi is a native of Muliyar Grame Panchayath and is included in the Endosulfan Victims List with PID No.1978/2. She attended speciality medical camp in 2010. The expert medical panel which recategorised the list has included Kum. Vijayalakshmi in 'Other' category, which is not eligible for National Human Rights Commission recommended compensation. Under the Endosulfan Victims relief scheme, Kum. Vijayalakshmi is provided with home based physiotherapy service. Free medicines are provided through Community Health Centre, Muliyar, Kasaragod. Since 2012 the State Government has spent Rs.65658/- to supply medicines to her. Kumari Vijaylekshmi has been paid a monthly pension of Rs.2200 under the Endosulfan scheme and a total amount of Rs.1,82,400 is disbursed to her till date."

The above extract from the affidavit leaves no manner of doubt that each of the four individuals falls in the category of affected individuals. The fact that they are undergoing treatment, as a result of being affected by Endosulfan, is a clear indicator of the fact that they are entitled to the release of compensation in terms of the directions which were issued by this Court on 10 January 2017, while disposing of the writ petition. The order of the Court reads as follows:

"1. Having heard learned counsel for the rival parties, we are of the view, that the remaining aspects, which emerge out of the controversy

raised in the instant petition, can be disposed of by directing the respondents – State Governments, to release the entire undisbursed payment of compensation, quantified as Rs.5 lakhs each, to all the affected persons, within three months from today.
2. Needless to mention, that it shall be open to the State Governments to recover the aforestated compensation either from the concerned industry or from the Government of India, in case it is open to the State Governments to make such recovery, in consonance with law.
3. We also hereby direct the State Governments, to take into consideration the feasibility of providing medical facilities/treatment for life-long health issues, arising out of the effects of endosulfan, keeping in mind, that there seems to be a large number of such affected persons.
4. The instant petition is disposed of, in the above terms.
5. As a sequel to the above, pending interlocutory applications also stand disposed of."

In the circumstances, we see no reason and justification for the Government of Kerala to categorize these four individuals in the 'Other' category and to deny them payment of compensation.

We accordingly direct that the compensation in terms of the order of this Court dated 10 January 2017 shall be released to the natural guardians of the four minors within a period of two months from today against proper identification.

The contempt proceedings are disposed of in the above terms.

Liberty is granted to the learned counsel for the petitioners to apply for revival of the contempt proceedings if the above direction is not complied with.

.......................................................J.
**[Dr Dhananjaya Y Chandrachud]**

.......................................................J.
**[Indira Banerjee]**

**New Delhi;**
**July 03, 2019**

[redacted]

ITEM NO.46 COURT NO.10 SECTION PIL-W

S U P R E M E C O U R T O F I N D I A
RECORD OF PROCEEDINGS

CONMT.PET.(C) No. 1920/2017 in W.P.(C) No.213/2011

REMYA P & ORS. Petitioner(s)

VERSUS

Dr. K.M. ABRAHAM Respondent(s)

Date : 03-07-2019 This petition was called on for hearing today.

CORAM :
HON'BLE DR. JUSTICE D.Y. CHANDRACHUD
HON'BLE MS. JUSTICE INDIRA BANERJEE

For Petitioner(s) Mr. Kaleeswaram Raj, Adv.
Romsha Raj, Adv.
Mr. Suvidutt M.S., AOR

For Respondent(s) Mr. G. Prakash, AOR
Mr. Jishnu M.L., Adv.
Ms. Priyanka Prakash, Adv.
Ms. Beena Prakash, Adv.

UPON hearing the counsel the Court made the following
O R D E R

The contempt petition is disposed of in terms of the signed order.

Pending application, if any, stands disposed of.

(SANJAY KUMAR-I)
AR-CUM-PS

(SAROJ KUMARI GAUR)
COURT MASTER

(Signed order is placed on the file)